മൂന്നുലക്ഷം ടൺ ഇ-മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2015-ൽ കേരളത്തിൽ ഇ-വേസ്റ്റ് പത്ത് ലക്ഷം ടൺ എത്തുമെന്നാണ് കണക്ക്. വിദേശരാജ്യങ്ങളിൽ പൊതുവഴിയിൽ ഉപേക്ഷിക്കുന്ന ഉപയോഗശൂന്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ റീ-സൈക്കിൾ ചെയ്ത് പുതിയ ഉല്പന്നങ്ങളാക്കി കയറ്റി അയയ്ക്കുന്നതായാണ് അറിയുന്നത്. ഇ-വേസ്റ്റ് സംസ്കരിക്കുന്നതിനായി കഞ്ചിക്കോട് എർപ്പെടുത്തിയ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. 2011-ലെ ഇ-വേസ്റ്റ് മാനേജ്മെന്റ് & ഹാൻഡ്ലിംഗ് റൂൾസ് അനുസരിച്ച് ഉല്പാദകർതന്നെ ടേക്-ബാക്ക് സിസ്റ്റം വഴി ഇ-വേസ്റ്റ് ഡിസ്പോസ് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. 14-5-2011-ലാണ് ഈ റൂൾ നിലവിൽ വന്നത്. എന്നാൽ സംസ്ഥാനത്ത് ഉല്പാദകർ ഇ-വേസ്റ്റുകൾ സംഭരിക്കണമെന്ന പ്രസ്തുത റൂളിലെ വ്യവസ്ഥ പാലിക്കുന്നില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഭാഗത്തുനിന്നും ഇതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. ഈ സാഹചര്യത്തിൽ സ്വതവേ രോഗാതുരമായ കേരളത്തിൽ വലിയൊരു പ്രശ്നമായി ഇ-മാലിന്യങ്ങൾ വരുമെന്നുള്ളത് ഗൗരവപൂർവ്വമായ കാര്യമാണ്. ഇത്തരം കാര്യങ്ങൾ ഒഴിവാക്കി സമഗ്രമായ ഇ-മാലിന്യ നിർമ്മാർജ്ജന പദ്ധതി ആവിഷ്ക്കരിക്കാൻ പ്രത്യേക നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട
10.16.AM] മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. 1-1-2014-ൽ തന്നെ ഇതിനുവേണ്ട നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഇ-വേസ്റ്റ് ഉല്പാദിപ്പിക്കുന്നവർ തന്നെ തിരിച്ചെടുത്ത് അത് നശിപ്പിക്കണമെന്നുള്ളതാണ്. Extended producer liability ആയിട്ടാണ് കണക്കാക്കുന്നത്. അങ്ങനെ ചെയ്യണമെന്നാണ് വ്യവസ്ഥ. എന്നാൽ അത് ചെയ്യാനുള്ള സൗകര്യങ്ങൾ കേരളത്തിൽ കുറവാണ്. അതുകൊണ്ട് ഇവ ശേഖരിക്കുന്നതിനും കയറ്റി അയക്കുന്നതിനുംവേണ്ടി ഏജൻസികൾക്ക് കേരള പൊല്യൂഷൻ കൺട്രോൾ ബോർഡ് ലൈസൻസ് കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് കയറ്റി അയച്ചതിനുശേഷം മറ്റുസംസ്ഥാനങ്ങളിൽവച്ച് നശിപ്പിക്കുകയും ചെയ്യാറുണ്ടെന്നതാണ്. സംസ്ഥാനത്ത് സി.എഫ്.എൽ., ട്യൂബ് ലൈറ്റ്, മൊബൈൽ ഫോൺ, കംപ്യൂട്ടർ തുടങ്ങിയവയിൽനിന്ന് ഇ-മാലിന്യങ്ങൾ ഉണ്ടാകുന്നുണ്ട്. അത് വാസ്തവത്തിൽ വളരെയധികം അപകടം ചെയ്യുന്നുണ്ട്. അത്തരത്തിലുള്ളവ നശിപ്പിക്കണമെന്നത് നിർബന്ധമാണ്. അതിനുള്ള എല്ലാ ഡയറക്ഷനും ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. വളരെ ശക്തിയായി അക്കാര്യങ്ങൾ നടപ്പാക്കാനുള്ള ശ്രമങ്ങൾ നടത്തും.

7. ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ

ശ്രീ. എം. ഉമ്മർ: സർ, ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുക
10.17.AM] യെന്നുള്ളത് ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ പ്രധാന ഉദ്ദേശങ്ങളിലൊന്നാണ്. കേവലം ഒരു രജിസ്റ്റർ മാത്രമല്ല, നാട്ടറിവുകളെയും ചരിത്രങ്ങളെയും സംബന്ധിച്ചും പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ചുമുള്ള സമഗ്രമായൊരു വിവരശേഖരണമാണ് ജനങ്ങളുടെ പിന്തുണയോടുകൂടിയുള്ള ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ എന്നുപറയുന്നത്. കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

ജൈവവൈവിധ്യം, മണ്ണിനങ്ങൾ, വീട്ടുവളപ്പിലെ ജൈവവൈവിധ്യം, വനജൈവവൈവിധ്യം, നാട്ടറിവുകൾ, മത്സ്യസമ്പത്ത്, മൃഗസമ്പത്ത് എന്നിവയും ഏറെ ഉപവിഭാഗങ്ങളുമുൾപ്പെട്ട വിവരങ്ങളും വംശനാശം ഉണ്ടായതുമായ നിരവധി ജന്തു-സസ്യ-വന-ആവാസ വ്യവസ്ഥകളെക്കുറിച്ചാണ് ഈ രജിസ്റ്ററിൽ സൂചിപ്പിക്കുന്നത്. അതുകൊണ്ട് നിർബന്ധമായും ഈ രജിസ്റ്റർ സൂക്ഷിക്കണമെന്നുള്ള കാര്യം ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ ഉദ്ദേശ്യവീക്ഷ്യങ്ങളിൽ പറയുന്നുണ്ടെങ്കിലും കേവലം കുറച്ച് പഞ്ചായത്തുകളിൽ മാത്രമാണ് ഈ രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. അതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടുകൂടി എല്ലാ പഞ്ചായത്തുകളിലും ഇത്തരം രജിസ്റ്റർ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 2002-ൽ 10.19AM] പാർലമെന്റ് പാസാക്കിയ ബയോ ഡൈവേഴ്സിറ്റി ആക്ടിനെത്തുടർന്ന് ആക്ടിനെത്തുടർന്ന് 2003-ൽ ദേശീയതലത്തിൽ നാഷണൽ ബയോ ഡൈവേഴ്സിറ്റി അതോറിറ്റി നിലവിൽ വന്നു. ദേശീയതലത്തിൽ നാഷണൽ ബയോഡൈവേഴ്സിറ്റി അതോറിറ്റികൾ, സംസ്ഥാനതലത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ, ദേശീയതലത്തിൽ ജൈവവൈവിധ്യ പരിപാലനസമിതികൾ എന്ന രീതിയിലാണ് ഇതിന്റെ ഘടന. ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും സുസ്ഥിര ഉപയോഗത്തിന്റെയും ആദ്യപടിയെന്നുള്ള നിലയിൽ ഓരോസ്ഥലത്തെയും ജൈവവൈവിധ്യം രേഖപ്പെടുത്തിയ പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. സമൂഹത്തിൽ കാണുന്ന വിവിധ ഇനങ്ങളായ സുസ്ഥിര ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ആവാസവ്യവസ്ഥകളുടെ പരിപാലനം, പാരമ്പര്യം, നാടൻ കൃഷിയിനങ്ങൾ, വളർത്തിനങ്ങൾ, കന്നുകാലികൾ, സൂഷ്മാണുക്കൾ എന്നിവയുടെ സംരക്ഷണത്തിനുംവേണ്ടിയാണ് ഒരു ജനകീയ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. ഈ ജനകീയ വൈവിധ്യ രജിസ്റ്ററുകൾ എല്ലാ പഞ്ചായത്തുകളിലുമുണ്ടാകണമെന്നുള്ളതാണ് നമ്മുടെ നിലപാട്. പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ എൻ.ബി.ഐ.-യും സംസ്ഥാന ജൈവവൈവിധ്യ ബോർഡും ചേർന്ന് തയ്യാറാക്കിയത് നിർദ്ദിഷ്ട മാതൃകയിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എട്ടംഗ കമ്മിറ്റിയായ ജൈവവൈവിധ്യ പരിപാലന സമിതിയാണ് പ്രസ്തുത പി.ബി.ആർ. തയ്യാറാക്കുന്നത്. മൂന്ന് വർഷത്തെ കാലാവധിക്കുള്ളിൽ ഇത് പൂർത്തിയാക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. 978 ഗ്രാമപഞ്ചായത്തുകളിലും 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും സംസ്ഥാന ജൈവവൈവിധ്യബോർഡിന്റെ മേൽനോട്ടത്തിൽ ബി.എം.സി. രൂപീകരിച്ചിട്ടുണ്ട്. 2012 ഒക്ടോബറിൽ ബി.എം.സി. രൂപീകരണം പൂർത്തീകരിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം കേരളമാണ്. ഈ ചുമതല നമ്മൾ മുന്നോട്ടുകൊണ്ടുപോവുകയാണ്. 2014 ജൂൺ വരെ കേരളത്തിൽ 668 പഞ്ചായത്തുകളും / മുനിസിപ്പാലിറ്റികളും പി.ബി.ആർ. തയ്യാറാക്കി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അംഗീകാരം നേടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly